COCHIN INTERNATIONAL AIRPORT LIMITED
KOCHI AIRPORT - P.O., ERNAKULAM - 683 111, KERALA, INDIA.
Website: www.cial.aero, Tel: Off: (0484) 2610115-2632
Email: commercial@cial.aero

**TENDER DOCUMENT**

# SALE OF LOST AND FOUND ITEMS AT CIAL

**Tender No. CIAL/COML/LIC 130/FY26/04**

# കൊച്ചിൻ ഇൻറർനാഷണൽ എയർപോർട്ട് ലിമിറ്റഡ് (സിയാൽ)

## ദർഘാസ്

(A) കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ കൈവശത്തിൽ ഇരിക്കുന്നതും എയർപോർട്ടിൽ ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തിയതും ഉടമസ്ഥരില്ലാത്തതും ഇലക്ട്രോണിക്സ് ഐറ്റംസ്, ഗൃഹോപകരണങ്ങൾ, തുണിത്തരങ്ങൾ, ഉൾപ്പടെയുള്ളവ ഇപ്പോൾ നിലവിലുള്ള അവസ്ഥയിൽ മൊത്തമായി ദർഘാസ് പ്രകാരം വിറ്റഴിക്കുന്നതാണ്. ദർഘാസ് പ്രമാണം സിയാലിന്റെ കൊമേർഷ്യൽ വിഭാഗത്തിൽ നിന്നും 07.08.2025 മുതൽ 14.08.2025 വരെയുള്ള പ്രവർത്തി ദിവസങ്ങളിൽ വാങ്ങേണ്ടതാണ്. പൂരിപ്പിച്ച കൊട്ടേഷൻ 18.08.2025 02.00PM ന് മുൻപായി സമർപ്പിക്കേണ്ടതാണ്. താല്പര്യം ഉള്ള വ്യക്തികൾ അല്ലെങ്കിൽ സ്ഥാപനങ്ങളിൽ നിന്നും ദർഘാസ്/ക്വട്ടേഷൻ സ്വീകരിക്കുന്നു. ഇപ്രകാരം നീക്കം ചെയ്യുന്ന വസ്തുക്കൾ ദർഘാസ് കിട്ടുന്ന വ്യക്തിക്ക് അവകാശപ്പെട്ടത് ആയിരിക്കും.

| Sl | Items | Qty |
|---|---|---|
| 1 | Baby stroller | 22 |
| 2 | Bed( Mattress) | 3 |
| 3 | Belt | 900 |
| 4 | Bluetooth speaker | 6 |
| 5 | Kindle | 5 |
| 6 | Cap | 44 |
| 7 | Clock | 9 |
| 8 | Computer Monitor (LG 22") | 1 |
| 9 | Cricket Bat | 23 |
| 10 | Ear bud | 440 |
| 11 | Emergency lamb | 4 |
| 12 | Fan | 2 |
| 13 | Gas stove | 2 |
| 14 | Grinder | 1 |
| 15 | Guitar | 1 |
| 16 | Hand Bag | 1153 |
| 17 | Head Phone | 111 |
| 18 | Helmet | 34 |
| 19 | I pad | 32 |
| 20 | Induction Top | 6 |
| 21 | Iron Box | 12 |
| 22 | Jackets | 1250 |
| 23 | Kettle | 4 |
| 24 | Key Board | 15 |

| | | |
|---|---|---|
| 25 | Laptop | 45 |
| 26 | Long umbrella | 275 |
| 27 | Mixi | 10 |
| 28 | Mobile | 327 |
| 29 | Mouse | 100 |
| 30 | Neck pillow | 1110 |
| 31 | Oven (Panasonic) | 1 |
| 32 | pillow | 22 |
| 33 | Portable Phelgm Suction (Germany) | 1 |
| 34 | Power bank | 422 |
| 35 | Reading Glass | 743 |
| 36 | Shoe & sandals | 580 |
| 37 | Shuttle Bat | 23 |
| 38 | Speaker | 10 |
| 39 | Speaker (Big Box) | 1 |
| 40 | Steel water bottle | 900 |
| 41 | Sunglass | 570 |
| 42 | Torch | 2 |
| 43 | Trimmer& Hair dryer | 99 |
| 44 | Trolley Bags | 581 |
| 45 | Tyre | 3 |
| 46 | Umbrella | 411 |
| 47 | Vacuum cleaner | 1 |
| 48 | Violin | 1 |
| 49 | Walking stick | 44 |
| 50 | Watch | 1040 |
| 51 | Water Bottle ( Plastic) | 320 |
| 52 | Wheel chair | 3 |
| 53 | Yoga Mat | 30 |

(B) ദർഘാസ്/ക്വട്ടേഷൻ സമർപ്പിക്കുന്നതിന് താഴെപ്പറയുന്ന നിബന്ധനകൾ ബാധകമായിരിക്കും

1. ദർഘാസ്/ക്വട്ടേഷൻ, സിയാൽ മാനേജിംഗ് ഡയറക്ടറുടെ പേരിൽ, ഈ ദർഘാസിനൊപ്പം നൽകിയിരിക്കുന്ന നിശ്ചിത ഫോറത്തിലാണ് സമർപ്പിക്കേണ്ടത്. ദർഘാസ് പ്രമാണം 07.08.2025 മുതൽ 14.08.2025 വരെ പ്രവർത്തി ദിവസങ്ങളിൽ 9:30 AM മുതൽ 5 PM വരെ സിയാലിന്റെ കൊമേഴ്‌ഷ്യൽ വിഭാഗത്തിൽ നിന്നും ദർഘാസ് പ്രമാണത്തിന്റെ വിലയായ 500 രൂപ അടച്ച വാങ്ങാവുന്നതാണ്.

2. ദർഘാസ്/ക്വട്ടേഷൻ സമർപ്പിക്കുന്നത് നിരതദ്രവ്യമായി (EMD) Rs.50,000 രൂപ കൊച്ചിൻ ഇൻറർനാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെ പേരിൽ നെടുമ്പാശ്ശേരി, എറണാകുളത്ത് മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റ് രൂപത്തിൽ വയ്ക്കേണ്ടതാകുന്നു. നിരതദ്രവ്യം ഇല്ലാത്ത ദർഘാസുകൾ പരിഗണിക്കുകയില്ല. ആ ദർഘാസ് റദ്ദായി പോകുന്നതാണ്. നിരതദ്രവ്യം ക്യാഷ് ആയി സ്വീകരിക്കുന്നതല്ല.

3. ദർഘാസ് പ്രമാണം വാങ്ങിയതിനു ശേഷം താൽപര്യമുള്ളവർ സാമഗ്രികൾ കണ്ട് ബോധ്യപ്പെടുന്നതിനായി 14.08.2025, രാവിലെ 10 മണി മുതൽ ഉച്ചക്ക് 1 മണി വരെ കൊമേർഷ്യൽ വിഭാഗവുമായി ബന്ധപ്പെടാവുന്നതാണ്.

4. ദർഘാസ്/ക്വട്ടേഷൻ കൊള്ളുന്ന സാമഗ്രികൾക്കുള്ള ഏറ്റവും കുറഞ്ഞ വില **Rs.4,50,000/-** ആയി നിജപ്പെടുത്തിയിട്ടുണ്ട്. ദർഘാസ് നടപടികളിൽ പങ്കെടുക്കുന്നവർ ഈ തുകയോ അതിലും കൂടുതലായുള്ള തുകയാണ് BID ഫോമിൽ രേഖപ്പെടുത്തേണ്ടത്. മേൽപ്പറഞ്ഞ തുകയിൽ കുറഞ്ഞ തുക രേഖപ്പെടുത്തിയിട്ടുള്ള ബിഡ് ഫോമുകൾ അസാധുവായി പോകുന്നതും നിരതദ്രവ്യം സിയാലിലേക് വരവ് വയ്ക്കുന്നതും ആയിരിക്കും. ദർഘാസ് നടപടികളിൽ പങ്കെടുക്കുന്നവർ Original PAN Card നിർബന്ധമായി കൊണ്ടുവരേണ്ടതാണ്.

5. കരാർ ഉറപ്പിച്ച തുകയ്ക്ക് പുറമെ **18% GST**, നിയമപ്രകാരമുള്ള നികുതികളും ദർഘാസ്/ക്വട്ടേഷൻ ഉറപ്പിച്ച വ്യക്തി അടക്കേണ്ടതാണ്.

6. മാനേജിംഗ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഏറ്റവും കൂടുതൽ സംഖ്യ ദർഘാസ്/ക്വട്ടേഷൻ സമർപ്പിക്കുന്ന ആളുടെ പേരിൽ ദർഘാസ് അവകാശം താൽക്കാലികമായി ഉറപ്പിക്കുന്നതും, ആ വ്യക്തി അന്നേദിവസം തന്നെ ടി സംഖ്യയുടെ 15 ശതമാനം തുക അടയ്ക്കേണ്ടതുമാണ്. ക്വട്ടേഷൻ സ്വീകരിച്ച വ്യക്തി 3 പ്രവർത്തി ദിവസത്തിനുള്ളിൽ നികുതി ഉൾപ്പെടെ ബാക്കി മുഴുവൻ തുകയും അടച്ച് രസീതി കൈപ്പറ്റേണ്ടതാണ്. അതിനു വീഴ്ച വരുത്തിയാൽ പുനർ ദർഘാസ്/ക്വട്ടേഷൻ വിളിക്കുന്നതും സംഖ്യ കുറവ് വന്നാൽ ടി കുറവ്സംഖ്യ ആദ്യക്വട്ടേഷൻ സ്വീകരിച്ച ആളിൽ നിന്നും ഈടാക്കുന്നതുമാണ്.

7. മാനേജിംഗ് ഡയറക്ടർ ദർഘാസ്/ക്വട്ടേഷൻ പൂർണമായി സ്ഥിരപ്പെടുത്തുന്നില്ലെങ്കിൽ സ്വീകാര്യമായ ദർഘാസ്/ക്വട്ടേഷൻ സമർപ്പിച്ച ആൾക്ക് ടിയാനിൽ നിന്നും കൈപ്പറ്റിയ മുഴുവൻ സംഖ്യയും തിരികെ കൊടുക്കുന്നതാണ്. ദർഘാസ്/ക്വട്ടേഷൻ സ്ഥിരപ്പെടുത്തുന്നതിനും നിരാകരിക്കുന്നതിനുള്ള അധികാരം മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തവും, തീരുമാനം അന്തിമവും ആയിരിക്കും.

8. ദർഘാസ്/ക്വട്ടേഷൻ സ്വീകരിച്ചു കഴിഞ്ഞാൽ ഉറപ്പിച്ച ആളുടെ ഒഴികെ മറ്റുള്ളവരുടെ നിരതദ്രവ്യം 15 പ്രവർത്തി ദിവസത്തിനുള്ളിൽ മടക്കി നൽകുന്നതാണ്. ക്വട്ടേഷൻ സ്വീകരിച്ച വ്യക്തി മേൽപ്പറഞ്ഞ സാധനങ്ങൾ 4 ദിവസത്തിനകം സ്ഥലത്തുനിന്ന് സ്വന്തം ചെലവിൽ നീക്കം ചെയ്യേണ്ടതാണ്. ടിയാളുടെ നിരതദ്രവ്യം മേൽപറഞ്ഞ സാധനങ്ങൾ പൂർണമായി ഏറ്റെടുത്തതിനു ശേഷം മാത്രം മടക്കി കൊടുക്കുന്നതാണ്. ദർഘാസ് ലഭിച്ച വ്യക്തി നാല് ദിവസത്തിനുള്ളിൽ സാധനങ്ങൾ നീക്കിയില്ലെങ്കിൽ വ്യക്തിയുടെ പേരിലുള്ള കരാർ റദ്ദായി പോകുന്നതും നിരതദ്രവ്യം സിയാലിലേക് വരവ് വയ്ക്കുന്നതും ആയിരിക്കും.

9. **ദർഘാസ് സമർപ്പിക്കേണ്ട രീതി:**
**കവർ 1 & കവർ 2** എന്ന് അടയാളപ്പെടുത്തിയ രണ്ട് വ്യത്യസ്ത കവറുകളിലായി താഴെപ്പറയുന്ന രീതിയിലാണ് ദർഘാസ് സമർപ്പിക്കേണ്ടത്.
**കവർ- 1 ൽ താഴെപ്പറയുന്ന രേഖകൾ അടങ്ങിയിരിക്കണം**
a) ഡിമാൻഡ്രാഫ്റ്റ് രൂപത്തിലുള്ള 50,000 രൂപ നിരതദ്രവ്യം (EMD)
b) പൂരിപ്പിച്ച Form 1 (പേജ് 06)
c) ദർഘാസ് സമർപ്പിക്കുന്ന വ്യക്തിയുടെ വിശദാംശങ്ങൾ (പേജ് 07)
d) പാൻ കാർഡ് കോപ്പി (PAN Card copy)
e) GST Certificate copy

**കവർ- 2ൽ താഴെപ്പറയുന്ന രേഖകൾ അടങ്ങിയിരിക്കണം**
a) ഫിനാൻഷ്യൽ ബിഡ് (പേജ് 05)
b) **ടെണ്ടർ ഡോക്യുമെന്റിന്റെ എല്ലാ പേജുകളും ഒപ്പിട്ട് സീൽ ചെയ്തത്.**

കവറിന്റെ മുകളിലായി ദർഘാസ് സമർപ്പിക്കുന്ന വ്യക്തിയുടെ മുഴുവൻ മേൽവിലാസം രേഖപ്പെടുത്തിയിരിക്കണം. നിരതദ്രവ്യം കവറിൽ ഇല്ലാത്ത പക്ഷം പ്രസ്തുത ദർഘാസ് റദ്ദായി പോകുന്നതാണ്

10. പൂരിപ്പിച്ച എല്ലാ പേജുകളിലും ഒപ്പിട്ട ദർഘാസ് പ്രമാണം 18.08.2025, 02:00 PM വരെ സിയാൽ കൊമേഴ്ഷ്യൽ വിഭാഗത്തിൽ സ്വീകരിക്കുന്നതും 18.08.2025. 02:30PM ന് ദർഘാസ് തുറക്കുന്നതുമാണ്. പൂരിപ്പിച്ച ദർഘാസ്, മാനേജിംഗ് ഡയറക്ടർ, കൊച്ചി എയർപോർട്ട് ലിമിറ്റഡ്,കൊച്ചി എയർപോർട്ട് പി ഓ, എറണാകുളം - 683111 എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്.

11. മുദ്രവച്ച കവറിന്റെ മുകളിൽ **"സിയാൽ Lost & Found നീക്കം ചെയ്യുന്നതിനുള്ള ദർഘാസ്"** എന്ന് രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ കവറുകളുടെ പുറത്ത് അപേക്ഷകന്റെ പൂർണ്ണ മേൽവിലാസം രേഖപ്പെടുത്തേണ്ടതാണ്.

12. ദർഘാസ്/ക്വട്ടേഷൻ നടപടിക്രമം തീരുമാനിക്കുന്നതിനും നടപ്പിലാക്കുന്നതിനുള്ള പൂർണ്ണ അധികാരവും ഉത്തരവാദിത്വവും കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ ചുമതലപ്പെടുത്തുന്ന ഓഫീസറിൽ നിക്ഷിപ്തമാണ്. ഇപ്രകാരം കൊച്ചി അന്താരാഷ്ട്ര വിമാനത്താവള കമ്പനി ഏറ്റെടുക്കുന്ന തീരുമാനങ്ങൾ ദർഘാസ് നടപടിയിൽ പങ്കെടുക്കുന്ന എല്ലാവർക്കും ബാധകമായിരിക്കും.

13. ദർഘാസ്/ക്വട്ടേഷൻ സ്വീകരിക്കുന്നതിനും നിരസിക്കുന്നതിനുമുള്ള എല്ലാ അധികാരവും കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം കമ്പനിയുടെ മാനേജിങ് ഡയറക്ടറിലും അദ്ദേഹം ചുമതലപ്പെടുത്തുന്ന ഓഫീസറിലും നിക്ഷിപ്തമാണ്.

14. സാധാരണ എല്ലാ സർക്കാർ ദർഘാസ്/ക്വട്ടേഷൻ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമായിരിക്കും.

15. സിയാൽ ജീവനക്കാർക്ക് കൊട്ടേഷനിൽ പങ്കെടുക്കുവാൻ അനുവാദം ഉണ്ടായിരിക്കുന്നതല്ല

**സിയാൽ മാനേജിംഗ് ഡയറക്ടറിന് വേണ്ടി**

DGM(Commercial)
CIAL